സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

# കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

## 'മെറിഹോം' ഭവനവായ്പാ പദ്ധതി

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത ഭവനരഹിതരായ ഭിന്നശേഷിക്കാർ ഭവനനിർമ്മാണത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി ആണ് മെറിഹോം ഭവന വായ്പാ പദ്ധതി. സ്വന്തമായി സ്ഥലമുള്ള സ്ഥിര വരുമാനമുള്ളവർ, വീടും ഭൂമിയും വാങ്ങാൻ ആഗ്രഹിക്കുന്നവർ, മറ്റു സ്ഥാപനങ്ങളിൽ നിന്നും ഭവനനിർമ്മാണത്തിന് ലോൺ എടുത്ത് വീട് പൂർത്തിയാക്കാൻ സാധിക്കാത്തവർ (മറ്റു ബാധ്യത ഉണ്ടാകരുത്), എന്നിവരെ ലോൺ നൽകുന്നതിനായി പരിഗണിക്കുന്നതാണ്.

ഒരാൾക്ക് ഒറ്റത്തവണ മാത്രമേ ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുകയുള്ളൂ. ഭവന നിർമ്മാണത്തിനുള്ള വായ്പ ആയതിനാൽ തിരിച്ചടവ് ഉറപ്പാക്കേണ്ടതിനാൽ സർക്കാർ/അർദ്ധ സർക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ ജീവനക്കാർ, സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്ഥിര വരുമാനമുള്ളവർ എന്നിവരെയാണ് ഇതിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്. വായ്പയ്ക്ക് വസ്തു ജാമ്യമോ ഉദ്യോഗസ്ഥജാമ്യമോ നിർബന്ധമാണ്.

### അർഹതാ മാനദണ്ഡങ്ങൾ

1. കേരളത്തിലെ സ്ഥിര താമസക്കാരായിരിക്കണം.
2. 40% മോ അതിൽ കൂടുതലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
3. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്തിട്ടുള്ളവർ ബാധ്യത തീർപ്പാക്കിയിരിക്കണം.

### ലോൺ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം

- നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷാഫോറത്തിൽ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. (അനുബന്ധം എ)
- അപേക്ഷയോടൊപ്പം അനുബന്ധം എ-യിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ രേഖകളും സമർപ്പിക്കേണ്ടതാണ്.
- ആവശ്യമായ എല്ലാ രേഖകളും പൂർണ്ണമായും ഉൾപ്പെടുത്തിയ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
- അപേക്ഷകനുമായി കൂടിക്കാഴ്ച നടത്തിയായിരിക്കും ലോൺ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത്.
- ലോൺ തുക നിശ്ചയിക്കുന്നത് പ്രോജക്റ്റ് അപ്രൈസൽ കമ്മിറ്റി ആയിരിക്കും.
- ഗുണഭോക്താവിന്റേയോ ഭാര്യ/ഭർത്താവിന്റേയോ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സമർപ്പിക്കാവുന്നതാണ്.
- 40% നു മുകളിൽ ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി ലീഗൽ ഗാർഡിയൻ ആയ മാതാപിതാക്കൾ/ഭാര്യ/ഭർത്താവ് എന്നിവർക്ക് ലോണിന് അപേക്ഷിക്കാവുന്നതാണ്.
- 10 ലക്ഷത്തിൽ താഴെയുള്ള ലോൺ തുക 2 ഇൻസ്റ്റാൾമെന്റ് ആയും 10 ലക്ഷത്തിൽ മുകളിലുള്ള ലോൺ തുക 3 ഇൻസ്റ്റാൾമെന്റ് ആയും നിർമ്മാണ പുരോഗതി വിലയിരുത്തിയും വിനിയോഗ സാക്ഷ്യപത്രത്തിനു വിധേയമായും അനുവദിക്കുന്നതാണ്.
- വായ്പയുടെ ആദ്യഗഡു ലഭിച്ച് 3 -ാം മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

(ഒപ്പ്)
മാനേജിംഗ് ഡയക്ടർ.

# കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

(കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം)
പൂജപ്പുര, തിരുവനന്തപുരം, ഫോൺ: 0471-2347768, 7152, 7153, 7156, ഫാക്സ്: 0471-2340568
ഇ.മെയിൽ: nhfdc.kshpwc@kerala.gov.in, kshpwc2017@gmail.com
വെബ്സൈറ്റ്: www.hpwc.kerala.gov.in

## ഭിന്നശേഷിക്കാർക്ക് ഭവന വായ്പക്കുള്ള അപേക്ഷാഫോറം

(എല്ലാ കോളവും പൂർണ്ണമായി പൂരിപ്പിക്കണം)

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | 6 മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച് മേലധികാരി സാക്ഷ്യപ്പെടുത്തണം |
| 2 | പിതാവിന്റെ/ഭർത്താവിന്റെ പേര് | | |
| 3 | എ) സ്ഥിര മേൽവിലാസം<br><br>ഫോൺ/മൊബൈൽ നം:<br>ഇ.മെയിൽ: | | |
| | ബി) ഉദ്യോഗപേരും, ഔദ്യോഗിക മേൽവിലാസവും<br><br>ഓഫീസ് ഫോൺ:<br>ഇ.മെയിൽ: | | |
| 4 | ഭിന്നശേഷി സംബന്ധിച്ച വിശദാംശങ്ങൾ (വിഭാഗവും, ശതമാനവും) | | |
| 5 | എ. ഇൻകം ടാക്സ് പാൻ നം : | | |
| | ബി. വോട്ടർ തിരിച്ചറിയൽ കാർഡ് നം: | | |
| | സി ആധാർ നമ്പർ: | | |
| | ഡി റേഷൻ കാർഡ് നം: | | |
| | ഇ പെൻ നം. (സർക്കാർ ഉദ്യോഗസ്ഥർ ആണെങ്കിൽ) | | |
| 6 | ജനനതീയതിയും, വയസ്സും | | |
| 7 | ലിംഗം | സ്ത്രീ ☐ പുരുഷൻ ☐ ഭിന്നലിംഗം ☐ | |
| 8 | ജില്ല | നിയോജക മണ്ഡലം | |
| 9 | വിദ്യാഭ്യാസ യോഗ്യത | | |
| 10 | ജോലി ചെയ്യുന്ന സ്ഥാപനം | സർക്കാർ ☐ അർദ്ധ സർക്കാർ ☐<br>സഹകരണം ☐ പൊതുമേഖല ☐<br>സ്വയം തൊഴിൽ ☐ | |

| | | | |
|---|---|---|---|
| 11 | സർക്കാർ ജോലിയാണെങ്കിൽ<br>i)ജോലിയിൽ പ്രവേശിച്ച തീയതിയും സേവന ദൈർഘ്യവും | | |
| | ii)പെൻഷൻ പറ്റുന്ന തീയതി | | |
| | iii)ശംബള അക്കൗണ്ട് നം, ബാങ്ക്/ട്രഷറി വിശദ വിവരം | | |
| | iv) **മാസ വരുമാനം** | ആകെ | |
| | | കിഴിവുകൾ | |
| | | നെറ്റ് സാലറി | |
| | v) ഇപ്പോൾ നിലവിലുള്ള ശംബള റിക്കവറികളുടെ വിശദ വിവരം | | |
| 12 | സ്വയം തൊഴിൽ ആണെങ്കിൽ<br>i) എന്താണ് തൊഴിൽ | | |
| | ii) തൊഴിൽസംബന്ധമായ വിശദവിവരങ്ങൾ | | |
| | iii) പ്രതിമാസ വരുമാനം | | |
| | iv) വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ | | |
| | v) മറ്റ് വരുമാന സ്രോതസ്സുകൾ | | |
| | vi) സ്വയംതൊഴിൽ ലോണുകൾ സംബന്ധിച്ച വിവരങ്ങൾ | | |
| | vii) സംരംഭം ഇൻഷ്വർ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ | | |
| 13 | മുൻപ് ഭവന വായ്പ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എടുത്തിട്ടുള്ള ഭവന വായ്പയുടെ വിവരം (തുക)<br>(a) ബാങ്കിന്റെ പേര്<br>(b) സർക്കാർ ഭവന വായ്പ | | |
| 14 | നിലവിലുള്ള വായ്പകളുടെ വിശദാംശങ്ങൾ എന്തിനുവേണ്ടി/എത്ര രൂപ/എടുത്ത തീയതി | | |
| 15 | i)നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിന്റെ പ്ലാൻ പഞ്ചായത്ത്/മുനിസിപ്പാലാറ്റി/കോർപ്പറേഷൻ അംഗീകരിച്ചതാണോ? | | |
| | ii)അടങ്കൽ തുക | | |
| | iii)വായ്പാ തുക | | |
| | iv)ഗുണഭോക്താവിന്റെ വിഹിതം | | |

| | | |
|---|---|---|
| 16 | ഈ കോർപ്പറേഷനിൽ നിന്നും മുൻപ് വായ്പ എടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ ടി വായ്പ തീർപ്പാക്കിയ വിശദാംശങ്ങൾ | |
| 17 | നിലവിലുള്ള ആസ്തി വിവരങ്ങൾ | |
| 18 | വായ്പാ തിരിച്ചടവ് കാലാവധി | |
| 19 | പ്രതിമാസം തിരിച്ചടയ്ക്കാൻ കഴിയുന്ന തുക | |
| 20 | സാക്ഷികളുടെ പേരും മേൽ വിലാസവും | 1 |
| | | 2 |

## <u>സത്യപ്രസ്താവന</u>

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിക്കുന്നു. ഞാൻ മുകളിൽ പരാമർശിച്ച ഭവന വായ്പ പദ്ധതിക്ക് ഏതെങ്കിലും ബാങ്കിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സർക്കാറിൽ നിന്നോ മേൽ സൂചിപ്പിച്ച പ്രകാരമല്ലാതെ വായ്പക്ക് അപേക്ഷിച്ചിട്ടില്ല. എന്റെ അപേക്ഷ പരിഗണിക്കുന്നതിന് കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ഞാൻ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നതാണ്. ഈ അപേക്ഷ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന് അനുയോജ്യമായ ഏജൻസിക്ക് കൈമാറുന്നതും കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന്റേയോ സർവ്വീ ബാങ്കിന്റേയോ പ്രതിനിധികൾക്കോ, അധികാരപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഏജൻസിക്കോ ഭവന നിർമ്മാണം ഏത് സമയവും പരിശോധിക്കുന്നതിനും എനിക്ക് സമ്മതമാണ്.

സ്ഥലം:

തീയതി: അപേക്ഷകന്റെ പേരും, ഒപ്പും

## <u>സ്ഥാപന മേധാവിയിൽ നിന്നുമുള്ള സാക്ഷ്യപത്രം</u>

(സർക്കാർ അർദ്ധസർക്കാർ/സഹകരണ ഉദ്യോഗസ്ഥർക്ക് മാത്രം)

ശ്രീ/ശ്രീമതി.........................................................................................................ലെ സ്ഥിരജീവനക്കാരൻ/ജീവനക്കാരിയാണെന്നും ഈ സ്ഥാപനത്തിൽ നിന്നും ടിയാന്/ ടിയാൾക്ക് നാളിതുവരെ ഭവന വായ്പ ലഭ്യമാക്കുകയോ ആയതിലേയ്ക്കായി ഏതെങ്കിലും വിധത്തിലുള്ള ശുപാർശയോ ചെയ്തിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

സ്ഥാപനമേധാവിയുടെ പേരും, ഒപ്പും

തീയതി : സീലും

| **ഓഫീസ് ഉപയോഗത്തിനു മാത്രം** |
|---|
| |

## ലോൺ ലഭിക്കുന്നതിനുള്ള നിബന്ധനകൾ

### സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സഹകരണ മേഖല ജീവനക്കാർ

1. 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളതും കേരളത്തിൽ സ്ഥിരതാമസമുള്ളതുമായ ഇന്ത്യൻ പൗരനായിരിക്കണം
2. വായ്പാ കാലാവധിയെക്കാൾ 2 വർഷത്തിനു മുകളിൽ സർവ്വീസ് കാലാവധി ഉണ്ടായിരിക്കണം.
3. വായ്പാ തുക – Net Salary യുടെ 25 ഇരട്ടി വരെ പരമാവധി ലോൺ തുക അനുവദിക്കാവുന്നതാണ്.
4. ലോൺ തുക നിശ്ചയിക്കുന്നത് പ്രോജക്റ്റ് അപ്രൈസൽ കമ്മിറ്റി തീരുമാനപ്രകാരമായിരിക്കും
5. ജാമ്യം – ശംബള സർട്ടിഫിക്കറ്റ്, വീട് നിർമ്മിക്കുന്ന വസ്തുവിന്റെ ആധാരം, അനുബന്ധ രേഖകളും
6. പലിശ നിരക്ക് – 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിനുമുകളിൽ 15 ലക്ഷം രൂപ വരെ 7%, 15 ലക്ഷത്തിന് മുകളിൽ 30 ലക്ഷം വരെ 8%, 30 ലക്ഷം മുതൽ 50 ലക്ഷം വരെ 9%.

### സ്വയംതൊഴിൽ ചെയ്യുന്ന അപേക്ഷകർ

1. 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളതും കേരളത്തിൽ സ്ഥിരതാമസമുള്ളതുമായ ഇന്ത്യൻ പൗരനായിരിക്കണം
2. സ്വയം തൊഴിൽ ചെയ്യുന്നവർ സ്വന്തമായി വരുമാനമുള്ളവരാകണം. ആയത് വരുമാന സർട്ടിഫിക്കറ്റ് മറ്റ് അനുബന്ധ സെക്യൂരിറ്റി രേഖകൾ എന്നിവ അടിസ്ഥാമാക്കി പരിഗണിക്കുന്നതാണ്.
3. വീട് നിർമ്മിക്കുന്ന വസ്തു സ്വന്തം പേരിലുള്ളതും യാതൊരുവിധ ബാധ്യതകളുമില്ലാത്തതാകണം.
4. ജാമ്യം – വസ്തുവിന്റെ ആധാരം, അനുബന്ധ രേഖകളും
5. പലിശ നിരക്ക് – 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിനുമുകളിൽ 15 ലക്ഷം രൂപ വരെ 7%, 15 ലക്ഷത്തിന് മുകളിൽ 30 ലക്ഷം വരെ 8%, 30 ലക്ഷം മുതൽ 50 ലക്ഷം വരെ 9%.

## അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കണം

1. മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച 40 ശതമാനത്തിൽ കുറയാത്ത ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ്
2. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയുടെ കോപ്പി (ജനനസർട്ടിഫിക്കറ്റ/SSLCബുക്ക്, ആധാർ കാർഡ്)
3. പാസ്പോർട്ട് സൈസ് ഫോട്ടോ – 3, ഫുൾസൈസ് ഫോട്ടോ – 2
4. ആധാർ/പാൻ/വോട്ടേഴ്സ് ഐ.ഡി
5. റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി
6. ശംബള സർട്ടിഫിക്കറ്റ് (നിശ്ചിത മാതൃകയിൽ) ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
7. നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിന്റെ തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകൃത പ്ലാനും എസ്റ്റിമേറ്റും
8 ഭവന നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്വന്തം പേരിലുള്ള വസ്തുവിന്റെ താഴെപ്പറയുന്ന രേഖകൾ
   (a) അസൽ പ്രമാണം, മുൻ പ്രമാണം
   (b) 14 വർഷത്തെ വസ്തു സംബന്ധമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്
   (c) വസ്തുവിന്റെ തൻവർഷത്തെ കരം അടച്ച രസീത്
   (d) ലൊക്കേഷൻ സർട്ടിഫിക്കറ്റ്
   (e) കൈവശാവകാശ സർട്ടിഫിക്കറ്റ്
   (f) വില നിർണയ സർട്ടിഫിക്കറ്റ്
   (g) മേൽപറഞ്ഞ രേഖകൾ ഗവൺമെന്റ് പ്ലീഡറെക്കൊണ്ട് പരിശോധിപ്പിച്ച ടൈറ്റിൽ സർട്ടിഫിക്കറ്റ്.
9. വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്
10. വായ്പ തുക തവണകളായി മാത്രമേ അനുവദിക്കുകയുള്ളൂ.
11. ആദ്യഗഡു ലഭിച്ച് മൂന്നാം മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.
12. സ്വയം തൊഴിൽ സംരംഭകരുടെ പ്രായം, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും വായ്പാ തുകയും തിരിച്ചടവും നിശ്ചയിക്കന്നത്.